# ‘‘ യേശുവിനെ വഹിച്ചുകൊണ്ടുള്ള യാത്ര ’’

ലൂക്കോസ് 1:39

‘‘ആ നാളുകളിൽ മറിയ എഴുന്നേറ്റു മലനാട്ടിൽ ഒരു യഹൂദ്യപട്ടണത്തിൽ ബന്ധപ്പെട്ടു ചെന്നു, സെഖര്യാവിന്റെ വീട്ടിൽ എത്തി എലീശബെത്തിനെ വന്ദിച്ചു’’

ഇവിടെ ഗർഭിണിയായ മറിയ, എലീശബേത്തിന്റെ അടുക്കലേക്ക് പോകുന്ന ഒരു യാത്ര യാണ് നാം കണ്ടത്. രണ്ടുപേരും ഒരേ അവസ്ഥയിലൂടെ കടന്നു പോകുന്നു. മച്ചിയായ എലീശബെത്ത് തന്റെ ജീവിതകാലം മുഴുവൻ ഒരു കുഞ്ഞിനായി നോക്കിയിരുന്നു. എന്നാൽ അവൾക്കു ലഭിച്ചതോ തന്റെ വാർദ്ധക്യത്തിൽ. ലോകത്തിനു മുന്നിൽ പരിഹാസ പാത്രമായി ഒറ്റക്കു മലനാട്ടിൽ ഉള്ള വാസം. മറിയയുടെ ജീവിതത്തിലും ഒരു അനുഗ്രഹം ലഭിച്ചു. എന്നാൽ കന്യകയായ അവൾ ആഗ്രഹിക്കാതെ തന്നെ ലഭിച്ച കുഞ്ഞ്.

എലീശബെത്തിന് തന്റെ ഉള്ളം തുറന്ന് ഒന്നു പങ്കുവെയ്ക്കുവാൻ ആരും ഉണ്ടായിരുന്നില്ല. തന്റെ ഭർത്താവിന് ഒരു വാക്കുപോലും ഉച്ചരിക്കാൻ കഴിയാതെ മൗനമായ അവസ്ഥ. ഇങ്ങനെ ഒറ്റപ്പെട്ടവളുടെ അടുത്തേക്ക് മറിയ ‘ബന്ധപ്പെട്ടു’ ചെന്നു എന്നാണ് ദൈവവചനം പറയുന്നത്. ഒരു സംഭാഷണത്തിനായി, കൂടിക്കാഴ്ചക്കായി, ആശ്വാസം പകരുവാനായി ഒരു യാത്ര മലനാട്ടിലേക്ക് നടത്തി.

ഇത്ര ബദ്ധപ്പാടു സഹിച്ച് മറിയ യാത്ര ചെയ്യുവാനുള്ള കാരണം എന്താകുന്നു? അതേ, അവളുടെ ഉള്ളിൽ വഹിച്ചിരുന്നവൻ ‘യേശു’ ആയിരുന്നു. രക്ഷകനായ യേശുവിനെ വഹിച്ചു കൊണ്ടു നടക്കുന്ന ദൈവജനതയ്ക്ക് മറിയയുടെ യാത്ര എന്നും മാതൃകയാകുന്നു. കാരണം ഇന്ന് ജാതിയശക്തികളും, വിഘടിത ചിന്തകളും വർദ്ധിച്ചു വരുന്ന ഒരു സമൂഹ മധ്യത്തിലാണ് നാം ആയിരിക്കുന്നത്. സുബോധം നഷ്ടപ്പെട്ട ഒരു വിഭാഗം. ഭാരത്തിലും, വേദനയിലും, മരവിപ്പിലും ജീവിതത്തിന്റെ സന്തോഷവും, സമാധാനവും ഉത്സാഹവും നഷ്ടപ്പെട്ട മറ്റൊരു വിഭാഗം. ഇതിന്റെ ഒക്കെ മധ്യത്തിൽ രക്ഷിതാവായ യേശുവിനെ കർത്താവായി ഉള്ളത്തിൽ ഏറ്റെടുപ്പാൻ ഭാഗ്യം ലഭിച്ച ദൈവമക്കളെ ഒരു നിമിഷം ചിന്തിക്കാം.

കർത്താവിനെയും വഹിച്ചുകൊണ്ട് ബദ്ധപ്പെട്ട ഒരു യാത്ര നമുക്ക് സാധ്യമാകുന്നുണ്ടോ. ചില ജീവനറ്റ അനുഭവമായി ജീവിക്കുന്നവർക്ക് ജീവൻ പകരാൻ, ചില വിറങ്ങലിക്കുന്ന ഹൃദയങ്ങൾക്ക് ആശ്വാസമേകുവാൻ അനേക എലീശബെത്തുമാരുടെ സന്തോഷം കാണുവാൻ ഒരു വേറിട്ട ജീവിതചര്യയിൽ ഓടുവാൻ ഈ നാളുകൾ അധികമായി ഇട യാകട്ടെ.

അതേ മറിയയ്ക്ക് ഒരുപക്ഷേ ഇങ്ങനെ ഒരു യാത്ര ക്രമീകരിക്കേണ്ടിയിരുന്നില്ല. അവൾ അനുഭവിക്കുന്ന നിന്ദയും, പരിഹാസവും അധികമായി നേരിടാനും സാധ്യതയുണ്ടായിരുന്നു. എന്നാൽ ഉള്ളത്തിൽ തുടിച്ചിരുന്നതായ ജീവൻ അവളെ ശക്തിപ്പെടുത്തി. എലീശബെത്തിന്റെ ഭവനത്തിൽ മറിയ കടന്നുചെന്നു. അവിടെ വലിയ ഒരു കൂട്ടായ്മ തുടങ്ങി, ആരാധന തുടങ്ങി. ആത്മാവ് ഉള്ളത്തിൽ തുള്ളി തുടങ്ങി.

അതേ, സ്വർഗ്ഗത്തിൽ നിന്നും നമ്മെയും സന്ദർശിച്ച 'രക്ഷ' അനേകസ്ഥാനങ്ങളിൽ പകരുവാൻ കർത്താവിന്റെ ജീവനും, ശക്തിക്കും ആയി ഏൽപ്പിച്ചു കൊടുക്കാം. ലോകം തള്ളിയും, നിന്ദിച്ചും ഇട്ടിരിക്കുന്ന വിഷയങ്ങളിൻമേൽ മറിയയെപ്പോലെ ഒന്നു ബന്ധപ്പെട്ടു കടന്നു പോകാൻ സ്വർഗ്ഗീയതമ്പുരാൻ നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :
സങ്കീർത്തനങ്ങൾ 46:7

സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 063